**29 (1761) ഇരിട്ടി സബ് ട്രഷറി**

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഇരിട്ടി സബ് ട്രഷറി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ എന്നു മുതൽ ഈ സബ് ട്രഷറി ഇവിടെ പ്രവർത്തിക്കുന്നു;

(ബി) ശരിയായ സമയത്ത് അറ്റകുറ്റ പണി നടത്താത്തതുകൊണ്ട് ,സ്ട്രോഗ് റൂമായി ഉപയോഗിക്കുന്ന മുറിവരെ അരക്ഷിതാവസ്ഥയിലാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഈ കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) സുരക്ഷിതമായ ഒരു കെട്ടിടത്തിലേക്ക് സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) അതെ. 1.10.86 മുതൽ.

(ബി) ഉണ്ട്.

(സി) 26.6.98-ന് ശേഷമുള്ള കാലാവധിക്ക് നിലവിലുള്ള ഇരിട്ടി സബ്ട്രഷറി കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. കെട്ടിട ഉടമ ആവശ്യമുള്ള അറ്റകുറ്റ പണികൾ നടത്താത്തത് കൊണ്ടായിരിക്കും സർട്ടിഫിക്കറ്റ് നൽകാത്തത്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

**30 (1762) സംസ്ഥാന ലോട്ടറി വില്പന**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുകൊല്ലക്കാലത്ത് കേരള ലോട്ടറിയുടെ വിവിധ ഇനത്തിൽപ്പെട്ട ടിക്കറ്റു വില്പനയിലൂടെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിനുവെളിയിൽ പ്രസ്തുത കാലയളവിൽ എത്ര രൂപയുടെ ടിക്കറ്റ് വിറ്റുവെന്നും ഏതൊക്കെ സംസ്ഥാനത്ത് ആണെന്നും വ്യക്തമാക്കുമോ;

(സി) വിവിധ ഇനത്തിൽപ്പെട്ട ലോട്ടറി ഓരോന്നിന്റെയും ആകെ ടിക്കറ്റുവില എത്രയെന്നും ആകെ സമ്മാനത്തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്നുകൊല്ലക്കാലത്ത് സമ്മാനാർഹമായ എത്ര ടിക്കറ്റുകൾ ഹാജരാക്കപ്പെടാതെ സമ്മാനത്തുക സർക്കാരിലേക്ക് മുതൽക്കൂട്ടായി എന്നു വ്യക്തമാക്കുമോ;

(ഇ) കൂടുതൽ സമ്മാനങ്ങൾ ഏർപ്പെടുത്തി ജനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയുടെ മാന്യമായ വിഹിതം ജനങ്ങൾക്കുതന്നെ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly